പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 253

21/06/2012-ൽ മറുപടി നല്കേണ്ടത്

## ഭൂരഹിതർക്ക് വീടുവയ്ക്കുവാൻ ഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂരഹിതർക്ക് വീടു വയ്ക്കാൻ ഭൂമി പതിച്ചുനല്കുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കേരള സംസ്ഥാനത്തെ 2015 -ാം വർഷാന്ത്യത്തോടുകൂടി ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള Zero Landless (citizens) Kerala 2015 എന്ന പദ്ധതി പ്രകാരം 13/06/2012 വരെ ലഭിച്ച ആകെ 46222 അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർ, താലൂക്ക് തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും പ്രഥമദൃഷ്ട്യാ അർഹരായവരുടെ ലിസ്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി www.zerolandless.kerala.gov.in എന്ന വെബ്സൈറ്റിലെ 'Public Corner' എന്ന സെക്ഷനിൽ അപ്പപ്പോൾ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നതുമാണ്. ഈ ലിസ്റ്റ് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ അംഗീകാരത്തോടെയാണ് പട്ടയം നല്കുന്ന നടപടി പൂർത്തിയാക്കുന്നത്. പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ സ്വീകരിക്കുന്നതിന് നിശ്ചയിച്ചിരുന്ന അവസാന തീയതി 18/06/2012 ആയിരുന്നു. ആയത് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കാൻ 18/06/2012ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. അതുവരെ ലഭിക്കുന്ന മുഴുവൻ അപേക്ഷകളുടെയും പരിശോധന പൂർത്തിയാക്കുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) സംസ്ഥാനത്ത് ഭൂരഹിത കുടുംബങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദ വിവരം നല്കുമോ; | (ബി) 2015 ഓടുകൂടി കേരള സംസ്ഥാനത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് Zero Landless (citizens) Kerala 2015 എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതരുടെയും വിവരം ശേഖരിക്കുന്നതിന് അപേക്ഷാ ഫാറങ്ങളുടെ വിതരണം വില്ലേജാഫീസുകൾ മുഖേന 09/03/2012ന് ആരംഭിച്ചിട്ടുള്ളതും ആയത് 18/06/2012ന് അവസാനിച്ചതിനെ തുടർന്ന് 18/06/2012ൽ കൂടിയ മന്ത്രിസഭായോഗം ആയത് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട്. വില്ലേജ് ആഫീസുകളിൽ തിരികെ ലഭിച്ച പൂരിപ്പിച്ച അപേക്ഷകളിന്മേൽ വില്ലേജ് ആഫിസർ, തഹസീൽദാർ എന്നിവരുടെ പ്രാഥമിക |

| | |
|---|---|
| | പരിശോധന പൂർത്തിയാക്കി, 15/08/2012ന് സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ കണക്ക് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ അംഗീകാരത്തിനായുള്ള അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ മാത്രമേ സംസ്ഥാനത്ത് ഭൂരഹിതരുടെ കൃത്യമായ കണക്ക് ലഭ്യമാകുകയുള്ളൂ. |
| (സി) ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യാൻ എത്രഭൂമി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) ഭൂരഹിതരായ ഓരോ കുടുംബത്തിനും ഭവനനിർമ്മാണത്തിന് 3 സെന്റ് ഭൂമി വീതം നല്കുവാനാണ് പ്രസ്തുത പദ്ധതി പ്രകാരം ലക്ഷ്യമാക്കിയിട്ടുള്ളത്. വില്ലേജ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി 15/08/2012ന് സംസ്ഥാനത്താകെയുള്ള ഭൂരഹിതരുടെ താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ പരിഗണനയ്ക്കായുള്ള അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആയതിനുശേഷം മാത്രമേ എത്ര ഭൂമി ആവശ്യമായി വരും എന്നതിനെ സംബന്ധിച്ച കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ. |
| (ഡി) ഭൂരഹിതർക്ക് ഭൂമി എന്ന പദ്ധതിക്ക് ആവശ്യമായ ഭൂമി സർക്കാർ കൈവശത്തിലുണ്ടോ; ഇല്ലെങ്കിൽ കുറവ് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) ഇതുവരെ ഏറ്റെടുക്കാതെ കിടക്കുന്ന മിച്ചഭൂമി ഏറ്റെടുത്തും ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കിയിട്ടുള്ള പതിച്ചു നല്കാവുന്ന ഭൂമിയിൽ നിന്നും മറ്റു പൊതു ആവശ്യങ്ങൾക്ക് ആവശ്യമില്ലാത്തതുമായ ഭൂമികളിൽ നിന്നുമാണ് ഇതിനാവശ്യമായ ഭൂമി കണ്ടെത്തുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ